പതിമൂന്നാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ --5772 27.10.2011- ലെ മറുപടിക്ക്

## പ്രവാസികളുടെ മൃതദേഹങ്ങൾ നാട്ടിലെത്തിക്കുന്നതിലെ കാലതാമസം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ | ശ്രീ. കെ. സി. ജോസഫ്<br>(ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികകാര്യവും വകുപ്പ് മന്ത്രി) |
| (എ) പ്രവാസികളുടെ മൃതദേഹങ്ങൾ നാട്ടിലെത്തിക്കുന്നതിനുള്ള കാലതാമസം ഒഴിവാക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; | (എ) വിദേശത്ത് മരണമടയുന്ന പ്രവാസികളുടെ ബന്ധുക്കളിൽ നിന്നും, മറ്റ് വിശ്വാസയോഗ്യമായ കേന്ദ്രങ്ങളിൽ നിന്നും, അപേക്ഷ ലഭിക്കുന്നതനുസരിച്ച് ഭൌതിക ശരീരം നാട്ടിൽ കൊണ്ടുവരുന്നതിനായി അതാത് എംബസികളുമായി ബന്ധപ്പെട്ട് അടിയന്തിര നടപടി സ്വീകരിച്ച് വരുന്നുണ്ട്. മരണപ്പെട്ട ആളുടെ വിശദവിവരങ്ങളും അദ്ദേഹത്തിന്റെ വിദേശത്തുള്ള ബന്ധുവിന്റെയോ സുഹൃത്തുക്കളുടെയോ വിവരങ്ങളും, അഫിഡവിറ്റും, പവർ ഓഫ് അറ്റോർണിയും ഉൾക്കൊള്ളുന്ന അപേക്ഷ എംബസികൾക്ക് അയച്ചു കൊടുക്കുകയും നിരന്തരമായി ബന്ധപ്പെട്ട് മൃതദേഹം നാട്ടിലെത്തിക്കുന്നതിന് സഹായിക്കുകയും ചെയ്യുന്നു . |

(ബി) മരണപ്പെട്ട പ്രവാസികളുടെ കുടുംബത്തിന് നൽകിവരുന്ന സഹായ പദ്ധതികൾ ഏതെല്ലാമാണ്;

(ബി) 1. **സാന്ത്വന**

ദുരിതമനുഭവിക്കുന്ന പ്രവാസി കേരളീയർക്കായി നോർക്ക വകുപ്പ് മന്ത്രിയുടെ ദുരിതാശ്വാസനിധിയായ 'സാന്ത്വന' പദ്ധതി നിലവിലുണ്ട്. വാർഷിക വരുമാനം 25,000/- രൂപയ്ക്ക് താഴെയുള്ള തിരികെയെത്തിയ പ്രവാസികളുടെ സഹായത്തിനായാണ് 'സാന്ത്വന' പദ്ധതി നടപ്പിലാക്കിയിട്ടുള്ളത്. ഈ പദ്ധതിയിൻ കീഴിൽ പ്രവാസി കേരളീയരുടെ ചികിത്സയ്ക്കോ, മരണപ്പെട്ട പ്രവാസികളുടെ/കുടുംബാംഗങ്ങളുടെ മരണാനന്തര ചടങ്ങുകൾ നടത്തുന്നതിനോ, പ്രവാസിയുടെ/ അടുത്ത കുടുംബാംഗങ്ങളുടെ ചികിത്സയ്ക്കോ, അവരുടെ പെൺമക്കളുടെ വിവാഹാവശ്യത്തിനോ, പ്രവാസിയുടെ/കുടുംബാംഗങ്ങൾക്ക് വീൽചെയർ/ക്രച്ചസ് എന്നിവ വാങ്ങുന്നതിനോ ഒറ്റ തവണയായി നോർക്ക വകുപ്പ് മന്ത്രിയുടെ ദുരിതാശ്വാസനിധിയിൽ നിന്ന് പരമാവധി 10,000/- രൂപ വരെ സഹായം നൽകി വരുന്നുണ്ട്. ഇതു ലഭിക്കുന്നതിനായി പ്രവാസി നിശ്ചിത ഫോറത്തിൽ നിശ്ചിത സമയപരിധിക്കുള്ളിൽ ബന്ധപ്പെട്ട രേഖകൾ സഹിതം അപേക്ഷ സമർപ്പിക്കണം.

2. **കാരുണ്യം**

വിദേശ രാജ്യങ്ങളിലും ഇന്ത്യയിലെ ഇതര സംസ്ഥാനങ്ങളിലും ജോലി ചെയ്യുന്ന പ്രവാസികേരളീയർ അവിടെ വച്ച് മരണമടയുന്ന സന്ദർഭങ്ങളിൽ അവരുടെ മൃതശരീരം വിമാന

മാർഗ്ഗം/റെയിൽ മാർഗ്ഗം സ്വന്തം നാട്ടിൽ കൊണ്ടുവരുന്നതിന് സാമ്പത്തിക സഹായം നൽകുന്നതിനായി 'കാരുണ്യം' എന്ന പേരിൽ സർക്കാർ ഒരു ഫണ്ട് രൂപീകരിച്ചിട്ടുണ്ട്. കുറഞ്ഞത് രണ്ട് വർഷമെങ്കിലും വിദേശത്തോ മറു നാട്ടുകളിലോ നിയമാനുസൃതം ജോലി ചെയ്തിരുന്ന പ്രവാസി കേരളീയരുടെ ഭൗതിക ശരീരം കൊണ്ടു വരുന്നതിനാണ് ഈ പദ്ധതി പ്രകാരം സാമ്പത്തിക സഹായം അനുവദിക്കുന്നത്.

3. **ചെയർമാൻ ഫണ്ട്**

ഈ ഫണ്ടിൽ നിന്നും ഏറെ കഷ്ടപ്പെടുന്ന പ്രവാസികളിൽ അർഹരായവർക്ക് ധനസഹായം അനുവദിക്കാറുണ്ട്. കുറഞ്ഞത് രണ്ട് വർഷമെങ്കിലും വിദേശത്ത് ജോലി ചെയ്ത് തിരികെ നാട്ടിൽ വന്ന് സ്ഥിര താമസമാക്കിയവർക്ക് ഈ ആനുകൂല്യത്തിന് അർഹതയുണ്ട്. മരണാനന്തര ധനസഹായമായും, ചികിത്സാധനസഹായമായുമാണ് തുക അനുവദിക്കുന്നത്.

(സി) ഇത്തരം സഹായ പദ്ധതികൾ മെച്ചപ്പെടുത്താൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശങ്ങൾ വെളിപ്പെടുത്തുമോ?

(സി) ചെയർമാൻ ഫണ്ടിൽ നിന്നുള്ള ധനസഹായം നോർക്ക – റൂട്ട്സ് വർദ്ധിപ്പിച്ചിട്ടുണ്ട്. "സാന്ത്വന" പ്രകാരമുള്ള ധനസഹായം വർദ്ധിപ്പിക്കുന്നകാര്യം ആലോചനയിലുണ്ട്.

സെക്ഷൻ ഓഫീസർ